പോലീസ് വകുപ്പ്

കേരളം

**No.H1-4574/2022/DR(1)**


ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
✉spkkdrl.pol@kerala.gov.in
☏04962523031


തീയതി.24-01-2022

**DO No. 51/2022/ഡി ആർ**

വിഷയം : അച്ചടക്ക നടപടി -ശ്രീ ഷഫീഖ് എൻ എസ് ,CPO 10122 ,(PEN 617202),DHO കോഴിക്കോട് റൂറൽ ,എന്നയാളെ സർവീസിൽ നിന്നും സസ്പെൻറ് ചെയ്തു കൊണ്ട് വാക്കാലന്വേഷണം ഉത്തരവാകുന്നത് സംബന്ധിച്ച്

സൂചന : 1.18.01.2022 തിയ്യതിയിലെ സ്പെഷ്യൽ ബ്രാഞ്ച് DySP യുടെ സ്പെഷ്യൽ റിപ്പോർട്ട്
2.19.01.2022 തിയ്യതിയിലെ താമരശ്ശേരി DySP യുടെ 183/2022/TS നമ്പർ പ്രാഥമിക അന്വേഷണ റിപ്പോർട്ട്

കോഴിക്കോട് റൂറൽ DHQ നിന്നും മുക്കം സ്റ്റേഷനിൽ അറ്റാച്ച് ചെയ്ത CPO 10122 ഷഫീഖും മുക്കം സ്റ്റേഷനിലെ പ്രിൻസിപ്പൽ SI ശ്രീ സജിത്ത് സജീവും 13.01.2022 തിയ്യതി മുക്കം സ്റ്റേഷൻ പരിധിയിലെ ചെങ്കൽ ക്വാറികളിൽ സ്റ്റേഷൻ ജീപ്പ് ഉപയോഗിച്ച് സന്ദർശനം നടത്തുകയും ആയതിന്റെ ഭാഗമായി നെല്ലിക്കാപ്പറമ്പ് സെൽവ ക്രഷറിന് സമീപത്തുള്ള ഗിരീഷ് കുമാർ എന്നയാളുടെ ചെങ്കൽ ക്വാറിയിലും പരിശോധന നടത്തുകയും ക്വാറിയിൽ ചെന്ന് ക്വാറി നടത്തിപ്പിനുള്ള രേഖകൾ ആവശ്യപ്പെടുകയും രേഖകൾ ഇല്ലെന്നു പറഞ്ഞപ്പോൾ മെഷീനും ചെങ്കല്ല് കയറ്റിയ ലോറിയും സ്റ്റേഷനിൽ കൊണ്ട് വരാൻ പറയുകയും ക്വാറിയിൽ നിന്നും തിരിച്ചു വരുന്ന സമയം വഴിയിൽ വെച്ച് ക്വാറി നടത്തിപ്പുകാരനായ ഗിരീഷ് കുമാർ എന്നയാളോട് കേസിൽ നിന്നും ഒഴിവാക്കുന്നതിനു 7000/- രൂപ ആവശ്യപ്പെടുകയും കയ്യിലുണ്ടായിരുന്ന 5000/- രൂപ ഗിരീഷ് കുമാർ SI യുടെ കയ്യിൽ കൊടുത്തതായും ബാക്കി 2000/- രൂപ ഗൂഗിൾ പേ ചെയ്തു തരാമെന്ന് പറഞ്ഞപ്പോൾ ഗൂഗിൾ പേ ചെയ്യേണ്ട എന്നു ഷഫീഖ് പറഞ്ഞതായും വ്യക്തമായിട്ടുള്ളതാണ്.

നിഷ്പക്ഷമായും സത്യസന്ധമായും നീതി നടപ്പാക്കാൻ ബാധ്യസ്ഥനായ പോലീസ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ , മതിയായ രേഖകൾ ഇല്ലാതെയാണ് ചെങ്കൽ ക്വാറി പ്രവർത്തിക്കുന്നത് എന്നു വ്യകതമായിട്ടും മേൽ കാര്യം ബന്ധപ്പെട്ട അധികാരികളെ അറിയിക്കാതെ ക്വാറി ഉടമയിൽ നിന്നും പണം വാങ്ങി നിയമ വിരുദ്ധമായ പ്രവർത്തിക്ക് കൂട്ടുനിൽക്കുക വഴി ഒരു അച്ചടക്ക സേനയിലെ അംഗത്തിന് നിരക്കാത്ത വിധം അച്ചടക്ക ലംഘനം കാണിക്കുകയും പോലീസ് സേനയുടെ സൽപ്പേരിന് കളങ്കം വരുത്തുന്ന രീതിയിൽ പ്രവർത്തിക്കുകയും ചെയ്തതിനാൽ 1958 ലെ KPDIP & A ചട്ടങ്ങളിലെ റൂൾ 7(1)(എ)പ്രകാരം ശ്രീ ഷഫീഖ് ,CPO 10122 എന്നയാളെ ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധം അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെൻറ് ചെയ്തു കൊണ്ട് ഉത്തരവാകുന്നു.

മേൽ സൂചിപ്പിച്ച ചട്ടങ്ങളിലെ 8(I) (III)പ്രകാരം ടിയാനെതിരെ മേൽക്കാര്യത്തിൽ വിശദമായ വക്കാലന്വേഷണം നടത്തി പിആർ മിനുറ്റ്സ് സമർപ്പിക്കുന്നതിന് വടകര കോസ്റ്റൽ പോലീസ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ കുറ്റാരോപണ നേമ്മോ 15 ദിവസത്തിനകം അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും പിആർ മിനുറ്റ്സ് തീർപ്പ് കൽപ്പിക്കുന്നതിനായി രണ്ടു മാസത്തിനകവും സമർപ്പിക്കേണ്ടതാണ് .

ഈ ഓഫീസിle 24.01.2022 തിയ്യതിയിലെ DO No 50/2022 നമ്പർ ഉത്തരവ് ഈ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

24-01-2022
ശ്രീനിവാസ് എ, ഐ പി എസ്,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ ഷഫീഖ് എൻ എസ്, CPO 10122 ന അസിസ്റ്റൻറ് കമാണ്ടൻറ്, DHQ ,മുഖേന

പകർപ്പ് : അസിസ്റ്റൻറ് കമാണ്ടൻറ് ,DHQ വിന് 3 പകർപ്പ്,,നടത്തിപ്പിനും തിയ്യതി വെച്ച ലക്ഷ്യം വാങ്ങി തിരിച്ചയക്കുന്നതിനും
വടകര കോസ്റ്റൽ പോലീസ് ഇൻസ്പെക്ടർക്ക് അനുബന്ധ രേഖകൾ സഹിതം അനന്തര നടപടികൾക്കായി
താമരശ്ശേരി DySP ക്കും മുക്കം SHO ക്കും അറിവിലേക്കായി
അഡീഷണൽ എസ് പി (ഭരണം ),എ എ ,മാനേജർ ,ജൂനിയർ സൂപ്രണ്ടുമാർ ,ഹെഡ് ക്ലർക്ക്,എന്നിവരുടെ അറിവിലേക്കായി
എ1 മുതൽ എ 5(b), ബി1,ബി2,ബി 3,എഫ്1 മുതൽ എഫ് 6 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കായി
ഡിഒ ബുക്ക്, ഡിഒ ഫയൽ